LIBRARY ARCHIVES Kerala Legislative Assembly

പാകിസ്ഥാനികളേയും ബംഗ്ലാദേശികളേയും പുറത്താക്കണമെന്ന കേന്ദ്രസർക്കാരിന്റെ നിർദ്ദേശം

3 [5809] ശ്രീ. വി. കെ.സി. മമ്മത് കോയ:
,, എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, കെ. പി. സതീശ് ചന്ദ്രൻ:
,, മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃതമായി താമസിക്കുന്ന പാകിസ്ഥാനികളെയും ബംഗ്ലാദേശികളെയും രാജ്യത്ത് നിന്ന് പുറത്താക്കണമെന്ന കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) അനധികൃതമായി താമസിക്കുന്ന വിദേശിയരാണ് രാജ്യത്ത് തീവ്രവാദ പ്രവർത്തനം നടത്തുന്നവരെ സഹായിക്കുന്നതെന്ന അഭിപ്രായം സർക്കാരിനുണ്ടോ;

(സി) വർഷങ്ങളായി സംസ്ഥാനത്ത് താമസിക്കുന്ന ഇന്ത്യക്കാരായ പാകിസ്ഥാൻ പൗരത്വമുള്ളവരുടെ കാര്യത്തിൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിർദ്ദേശം ലഭിച്ചിട്ടുണ്ട്. നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇതിലേക്ക് മതിയായ തെളിവുകളൊന്നും തന്നെ ലഭിച്ചിട്ടില്ല.

(സി) വർഷങ്ങളായി സംസ്ഥാനത്ത് താമസിക്കുന്ന പാകിസ്ഥാൻ പൗരൻമാരിൽ, അർഹരായവരുടെ ദീർഘകാല താമസത്തിനും പൗരത്വത്തിനുമുള്ള അപേക്ഷകൾ കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തുവരുന്നു. ഈ കാര്യത്തിൽ അന്തിമ തീരുമാനം എടുക്കേണ്ടത് കേന്ദ്ര സർക്കാരാണ്.

പദ്ധതി അടങ്കൽ തുകയുടെ വിനിയോഗം

4 [5810] ശ്രീ. ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

8-ാം പദ്ധതിയിൽ കേരളത്തിന്റെ അടങ്കൽ എത്രയെന്നും എത്ര കോടി ചെലവഴിച്ചുവെന്നും 9-ാം പദ്ധതിയിൽ അടങ്കൽ എത്രയെന്നും എത്ര കോടി ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

എട്ടാം പദ്ധതിയുടെയും ഒൻപതാം പദ്ധതിയുടെയും സംസ്ഥാന പദ്ധതി അടങ്കലും അതാതു കാലയളവുകളിലെ ചെലവും ചുവടെ ചേർത്തിരിക്കുന്നു:

(കോടി രൂപ)

പദ്ധതി	സംസ്ഥാനപദ്ധതി അടങ്കൽ	ചെലവ്
എട്ടാം പദ്ധതി	5460	7276.6
ഒൻപതാം പദ്ധതി	16100	14601